## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

HARITHA V KUMAR

വിഷയം:- വനിത ശിശു വികസന വകുപ്പ് - പോഷകബാല്യം 2024-25 ഒക്ടോബർ ,നവംബർ,ഡിസംബർ മാസത്തെ ഫണ്ട് അനുവദിച്ചുത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:

1. 2024-25 ലെ സംസ്ഥാന ബഡ്ജറ്റ്.
2. വനിതാശിശു വികസനവകുപ്പ് ഡയറക്ടറുടെ 07.10.2024 തീയതികളിലെ DWCD/1763/2024-ICDSB1 നമ്പർ നടപടിക്രമങ്ങൾ
3. 13 ജില്ലാ ഓഫീസുകളിൽ നിന്നുള്ള ഫണ്ട് റിക്വസ്റ്റ്.
4. തിരുവനന്തപുരം ജില്ല ഓഫീസിൽ നിന്നുള്ള ഫസ്റ്റ് ക്വാർട്ടർ ബാലൻസ് ഫണ്ട് റിക്വസ്റ്റ്.
5. ഈ കാര്യാലയത്തിലെ 08.10.2024 ലെ DWCD/1763/2024-ICDSB1 നമ്പർ കത്ത് .

**<u>ഉത്തരവ് നം. DWCD/1763/2024-ICDSB1 തീയതി: 03-01-2025</u>**

കേരളത്തിലെ കുട്ടികളുടെ പോഷകാഹാര നിലവാരം ഉയർത്തുന്നതിനും കുട്ടികളിലെ വളർച്ച മുരടിക്കൽ, ഭാരക്കുറവ് എന്നിവ പരിഹരിക്കുന്നതിനും, സുസ്ഥിരവികസന ലക്ഷ്യമായ "സീറോ ഹംഗർ" കൈവരിക്കുന്നതിനുമായി അങ്കണവാടിയിൽ എത്തുന്ന 3 മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് ആഴ്ചയിൽ 2 ദിവസം പാലും ആഴ്ചയിൽ 2 ദിവസം മുട്ടയും അങ്കണവാടി മെനുവിൽ ഉൾപ്പെടുത്തുന്ന നൂതന സംസ്ഥാന പദ്ധതി 2022-23 ൽ ആരംഭിച്ച് 2023-24 വർഷവും തുടർന്നു വന്നിരുന്നു. നടപ്പ സാമ്പത്തിക വർഷവും പദ്ധതി തുടരുന്നതിനായി പരാമർശം (1) പ്രകാരം സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ 2235-02-102-22-00-34-03 (PV) എന്ന ശീർഷകത്തിൽ 6350.00 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

പരാമർശം (2) പ്രകാരം, 14 ജില്ലകൾക്കായി ഏപ്രിൽ മുതൽ ജൂൺ വരെ അങ്കണവാടികളിൽ മുട്ട വിതരണത്തിനായി 36723500/- രൂപയും പാൽ വിതരണത്തിനായി 38276500/- രൂപയും ഉൾപ്പെടെ 75000000/-രൂപയും ജൂലൈ മുതൽ ഓഗസ്റ്റ് വരെ മുട്ട വിതരണത്തിനായി 17030266/- രൂപയും പാൽ വിതരണത്തിനായി 16433004/- രൂപയും ഉൾപ്പെടെ 33463270/-രൂപയും അനുവദിച്ചിട്ടുണ്ട്.

2024-25 ഒക്ടോബർ, നവംബർ, ഡിസംബർ മാസത്തെക്ക് പദ്ധതി നടത്തിപ്പിനായി ആവശ്യമുള്ള ഫണ്ട് അനുവദിച്ചു നൽകണമെന്ന് പരാമർശം (3) പ്രകാരം വിവിധ ജില്ലകളിൽ നിന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഫസ്റ്റ് ക്വാർട്ടറിലേക്ക് അധിക തുക ആവശ്യപ്പെട്ടു കൊണ്ട് പരാമർശം (4) പ്രകാരം തിരുവനന്തപുരം, ജില്ലയിൽ നിന്നുള്ള റിക്വസ്റ്റും ലഭ്യമായിട്ടുണ്ട്.

ജില്ലകളിൽ നിന്നുള്ള റിക്വസ്റ്റ് പ്രകാരം മുട്ട വിതരണത്തിനായി 3,27,74,146/- രൂപയും പാൽ വിതരണത്തിനായി 2,91,18,424/- രൂപയും ആവശ്യമായി വരുന്നുണ്ട്. മേൽ സാഹചര്യത്തിൽ മുട്ട വിതരണത്തിന് ആവശ്യമായ 3,27,74,146/- രൂപയും പാൽ വിതരണത്തിന് ആവശ്യമായ 2,91,18,424/- രൂപയും ഉൾപ്പെടെ ആകെ 6,18,92,570/- (ആറു കോടി പതിനെട്ടു ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി അഞ്ഞൂറ്റി എഴുപതു രൂപ മാത്രം) അനുവദിച്ചു ഉത്തരവാകുന്നു. കൂടാതെ ആദ്യ രണ്ടു

quarter കളിൽ പദ്ധതിയ്ക്കായി അനുവദിച്ച തുകയിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക മൂന്നാം quarterലേക്ക് ചെലവഴിക്കുന്നതിന് ആലപ്പുഴ ഒഴികെ ഉള്ള ജില്ലകൾക്കു അനുമതി നൽകിയും ഉത്തരവാകുന്നു.

കൂടാതെ മുൻമാസങ്ങളിൽ പദ്ധതിയ്ക്കായി അനുവദിച്ച നൽകിയ തുകയിൽ വിനിയോഗിക്കാതെ ബാക്കി നിന്ന 38,95,436/- രൂപ ഡയറക്ടറുടെ മുൻകൂർ അനുമതി കൂടാതെ ഒക്ടോബർ, നവംബർ മാസങ്ങളിലേക്ക് വിനിയോഗിക്കുന്നതിന് ശിശു വികസന പദ്ധതി ഓഫീസർമാർക്ക് അനുവദിച്ച നൽകിയ എറണാകുളം ജില്ല ഓഫീസറുടെ നടപടിയ്ക്ക് സാധൂകരണം നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ലിസ്റ്റ് പ്രകാരമുള്ള തുക 13 ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കായി അനുവദിച്ച നൽകേണ്ടതാണ്. ഇതിലേയ്ക്ക് ആവശ്യമായ തുക നടപ്പ സാമ്പത്തിക വർഷത്തെ 2235-02-102-22-00-34-03(PV) എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

ഈ ഉത്തരവ് പ്രകാരം അനുവദിക്കുന്ന തുകയുടെ വിനിയോഗ സാക്ഷ്യപത്രം ശിശു വികസന പദ്ധതി ഓഫീസർമാർ പ്രോഗ്രാം ഓഫീസർമാർക്ക് നൽകേണ്ടതും ജില്ല ഓഫീസർമാർ ആയതു BAMS പരിശോധിച്ച് തുക വിനിയോഗം ഉറപ്പ വരുത്തി ക്രോഡീകരിച്ച ഈ കാര്യാലയത്തിലേയ്ക്ക് അയച്ചുതരേണ്ടതുമാണ്.

(ഒപ്പ്)

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിതാ ശിശു വികസന ആഫീസർമാർക്കും

പകർപ്പ് :

1. എല്ലാ പ്രോഗ്രാം ആഫീസർമാർക്കും,
2. എല്ലാ ശിശു വികസന പദ്ധതി ആഫീസർമാർക്കും,
3. സൂപ്രണ്ട്, അക്കൗണ്ട്സ് സെക്ഷൻ,
4. വെബ്സൈറ്റ് പ്രസിദ്ധീകരണത്തിനു,
5. സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

| POSHAKABALYAM 2024-25 - ALLOTED AMOUNT OCTOBER TO DECEMBER 2024 | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | EGG | | | | MILK | | | | |
| SL NO | DISTRICT | OCTOBER | NOVEMBER | DECEMBER | TOTAL | OCTOBER | NOVEMBER | DECEMBER | TOTAL | GRAND TOTAL |
| 1 | Thiruvananthapuram | 1204890 | 1321791 | 1477988 | 4004669 | 1553862 | 1337063 | 1515071 | 4405996 | 8410665 |
| 2 | Kollam | 564188 | 1177740 | 1118918 | 2860846 | 583684 | 963893 | 984371 | 2531948 | 5392794 |
| 3 | Pathanamthitta | 451191 | 599750 | 604371 | 1655312 | 419239 | 520498 | 532336 | 1472073 | 3127385 |
| 4 | Alappuzha | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 5 | Kottayam | 146280 | 913080 | 902419 | 1961779 | 229479 | 844976 | 868828 | 1943283 | 3905062 |
| 6 | Ernakulam | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| | [illegible] | 0 | 206753 | 639093 | 845846 | 0 | 0 | 418640 | 418640 | 1264486 |
| 8 | Thrissur | 0 | 1132903 | 1355689 | 2488592 | 0 | 1010562 | 1223411 | 2233973 | 4722565 |
| 9 | Palakkad | 0 | 1030000 | 1404811 | 2434811 | 0 | 971980 | 1331768 | 2303748 | 4738559 |
| 10 | Malappuram | 1864569 | 3029333 | 3226068 | 8119970 | 1442135 | 2534193 | 2777139 | 6753467 | 14873437 |
| 11 | Wayanad | 166774 | 369877 | 395220 | 931871 | 277527 | 377690 | 386669 | 1041886 | 1973757 |
| 12 | Kozhikkode | 1376512 | 1555589 | 1484544 | 4416645 | 1323626 | 1502103 | 1563491 | 4389220 | 8805865 |
| 13 | Kannur | 0 | 0 | 998930 | 998930 | 0 | 0 | 0 | 0 | 998930 |
| 14 | Kasargode | 0 | 1016204 | 1038671 | 2054875 | 0 | 756871 | 867319 | 1624190 | 3679065 |
| TOTAL | | 5774404 | 12353020 | 14646722 | 32774146 | 5829552 | 10819829 | 12469043 | 29118424 | 61892570 |